3735
23/2/19

കേരള സർക്കാർ

സംഗ്രഹം

സൈനിക ക്ഷേമ വകുപ്പ് - സായുധ സേനയുടെ കീഴിലുള്ള വിവിധ ട്രെയിനിംഗ് അക്കാഡമികളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് നൽകുന്ന സ്കോളർഷിപ്പ് നിരക്കുകൾ പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## സൈനിക ക്ഷേമ വകുപ്പ്

സ.ഉ.(കൈ)നം.37/2019/പൊ.ഭ.വ തീയതി, തിരുവനന്തപുരം : 19.02.2019

---

പരാമർശം : 1. മേജർ.ജനറൽ.കെ.എസ്.നിജ്ജാർ, ജനറൽ കമാൻഡിംഗ് ഓഫീസർ, ബഹു.മുഖ്യമന്ത്രിയ്ക്ക് നൽകിയ 25.1.17 ലെ അർദ്ധഔദ്യോഗിക കത്ത് നം.04980/12/A4.

2. 31.01.17 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിന്റെ നടപടിക്കുറിപ്പ്.

3. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 25.05.17 ലെ B7/9805/NDA/Proposal/2017/DSW നമ്പർ കത്ത്.

## ഉത്തരവ്

1. സായുധ സേനയുടെ കീഴിലുള്ള വിവിധ അക്കാഡമികളിൽ പ്രവേശനം ലഭിക്കുന്ന കേഡറ്റുകൾക്ക് തെലുങ്കാന സർക്കാർ നൽകി വരുന്ന നിരക്കിൽ സംസ്ഥാന സർക്കാരും സ്കോളർഷിപ്പ് അനുവദിക്കണമെന്ന് പരാമർശം 1 ലെ അർദ്ധഔദ്യോഗിക കത്ത് പ്രകാരം മേജർ.ജനറൽ.കെ.എസ്.നിജ്ജാർ അഭ്യർത്ഥിക്കുകയുണ്ടായി.

2. പ്രസ്തുത ആവശ്യം 31.01.17 ൽ നടന്ന സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിൽ പരിഗണിക്കുകയും നിലവിൽ കേഡറ്റുകൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് നിരക്ക് അനുയോജ്യമായ രീതിയിൽ പരിഷ്കരിക്കുന്നതാണെന്ന് പരാമർശം 2 ലെ നടപടിക്കുറിപ്പിൻ പ്രകാരം തീരുമാനം എടുക്കുകയും ചെയ്തു.

3. സിവിൽ മിലിട്ടറി ലെയ്സൺ കോൺഫറൻസിലെ നടപടിക്കുറിപ്പിലെ പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൈനികക്ഷേമ വകുപ്പ് ഡയറക്ടർ നിലവിൽ കേഡറ്റുകൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് നിരക്ക് പരിഷ്കരിച്ച് നൽകുന്നതിനുള്ള നിർദ്ദേശം പരാമർശം 3 പ്രകാരം സമർപ്പിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിലുള്ള സ്കോളർഷിപ്പുകൾക്കു പകരം സ്ത്രീ/പുരുഷ ഭേദമന്യേ മറ്റു നിബന്ധനകളൊന്നുമില്ലാതെ സായുധ സേനയുടെ കീഴിലുള്ള Officers Training Academy, NDA, IMA, Naval Academy, Air Force Academy, Armed Forces Medical College, RIMC, Schools എന്നിവിടങ്ങളിൽ പ്രവേശനം നേടുന്ന കേരളീയരായ കേഡറ്റുകൾക്ക് പ്രോത്സാഹനമായി **2,00,000/- രൂപയും (രണ്ടു ലക്ഷം രൂപ മാത്രം)** മിലിട്ടറി, നേവൽ, എയർ ഫോഴ്സ് നേഴ്സിംഗ് സ്കൂളുകളിൽ പ്രവേശനം ലഭിക്കുന്നവർക്ക് **1,00,000/- രൂപയും (ഒരു ലക്ഷം രൂപ മാത്രം)** അനുവദിച്ച് ഉത്തരവാകുന്നു.

5. ഈ ഇനത്തിലുള്ള ചെലവ് , "2235-60-200-94-Financial Help for the Children of Ex-servicemen – Non Plan" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**സുമന.എൻ.മേനോൻ.ഐ.എ.എസ്**
**ഗവൺമെന്റ് സെക്രട്ടറി**

To

1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.
2. സെക്രട്ടറി, ഗവൺമെന്റ് ഓഫ് ഇന്ത്യ, ഡിഫെൻസ് മിനിസ്ട്രി (with C/L).
3. അഡ്ജുറ്റന്റ് ജനറൽ, സെറിമൊണിയൽസ് ആന്റ് വെൽഫെയർ ആർമി കോർട്ടേഴ്സ്, ഡിഎച്ച്ക്യു പി.ഒ, ന്യൂ ഡൽഹി (with C/L).
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(A & E), തിരുവനന്തപുരം.
6. സ്റ്റേഷൻ കമാൻഡർ, മിലിട്ടറി സ്റ്റേഷൻ ഹെഡ്കോർട്ടേഴ്സ്, പാങ്ങോട്, തിരുമല.പി.ഒ, തിരുവനന്തപുരം.
7. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്. തിരുവനന്തപുരം.
8. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
9. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
10. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ